പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

09.07.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6542

# ആർ.ബി.ഐ. കടപ്പത്രങ്ങളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 2015 ഏപ്രിൽ മാസം 1-)ം തീയതി മുതൽ ജില്ലാ സഹകരണ ബാങ്കുകൾ എസ്.എൽ.ആർ, സി.ആർ.ആർ. നിക്ഷേപങ്ങൾ ആർ.ബി.ഐ. കടപ്പത്രങ്ങളിൽ നേരിട്ട് നിക്ഷേപിക്കണമെന്ന ആർ.ബി.ഐ. യുടെ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇത് നടപ്പിലാക്കുക-യാണെങ്കിൽ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിന് ഭീഷണിയാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 2015 ഏപ്രിൽ 1 മുതൽ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം കണക്കാക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപം കണക്കിലെടുക്കാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ എസ്.എൽ.ആർ. നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടാകുകയും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാക്കാനും, ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ? | (സി) ഇക്കാര്യത്തിൽ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ